പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2455 | 14. 06. 2019 ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിലെ തസ്തിക കുറയ്ക്കൽ

ചോദ്യം | ഉത്തരം

ശ്രീ.കെ.സി.ജോസഫ് | ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിലെ തസ്തികകൾ വെട്ടികുറച്ച് ഭാവിയിൽ ജീവനക്കാരുടെ എണ്ണം കുറയ്ക്കാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; | (എ) കേരള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, 2008-09 ൽ നിലവിലുണ്ടായിരുന്ന 27175 ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ മാത്രമേ ARR & ERC –ൽ തുടർന്നുള്ള വർഷങ്ങളിൽ അനുവദിച്ചിരുന്നുള്ളു. അതുപോലെ 17-04-2017 ലെ താരിഫ് പരിഷ്കരണ ഉത്തരവിൽ, കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ നിലനിൽപ്പിനും, സാമ്പത്തിക ഭദ്രതയ്ക്കും ആവശ്യമായ രീതിയിൽ മാനവ വിഭവശേഷി കാര്യക്ഷമമായി വിനിയോഗിച്ച്, ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കോഴിക്കോട് ഐ.ഐ.എം ന്റെ ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കാനും നിർദ്ദേശിച്ചിരുന്നു. |
| (ബി) ജീവനക്കാരുടെ തസ്തിക കുറയ്ക്കുന്നത് സംബന്ധിച്ച് ഐ.ഐ.എം. കോഴിക്കോട് നൽകിയ ശിപാർശകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ ഫലപ്രദമായ വിനിയോഗവും പുന:ക്രമീകരണവും സംബന്ധിച്ചാണ് മുഖ്യമായും കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നതെങ്കിലും ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നത് സംബന്ധിച്ച് ചില നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.<br>നൂതന സോഫ്റ്റ്‌വെയറുകളുടെ സഹായത്തോടെ എച്ച്.ആർ.എം ചീഫ് എഞ്ചിനീയറുടെ ഓഫീസ് കമ്പ്യൂട്ടർവൽക്കരിക്കാനും, അതുപോലെ മുഖ്യമായും എച്ച്.ആർ സംബന്ധമായ ജോലികൾ കൈകാര്യം ചെയ്യുന്ന എച്ച്.ആർ.എം ചീഫ് എഞ്ചിനീയറുടെയും, ചീഫ് പേഴ്സണൽ ഓഫീസറുടെയും ഭരണവിഭാഗം സെക്രട്ടറിയുടെയും ഓഫീസുകൾ ആവശ്യമുള്ള ജീവനക്കാരെ മാത്രം ഉൾപ്പെടുത്തി, ഒറ്റ ഓഫീസ് ആയി പുന:സംഘടിപ്പിക്കാനും റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.<br>ചീഫ് എഞ്ചിനീയർ (എസ്.സി.എം) യുടെ ഓഫീസിൽ നിന്നും അസിസ്റ്റന്റ് ഫിനാൻസ് ഓഫീസറെ ഫിനാൻസ് ഡയറക്ടറുടെ കീഴിൽ കൊണ്ടുവരുന്നതോടൊപ്പം അസിസ്റ്റന്റ് ഫിനാൻസ് ഓഫീസറുടെ ഓഫീസിലെ ജീവനക്കാരുടെ എണ്ണം പരിമിതപ്പെടുത്തുവാനും നിർദ്ദേശം ഉണ്ട്. അതുപോലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (എസ് സി എം), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കമ്പ്യൂട്ടർ ആന്റ് പർച്ചേഴ്സ്) എന്നീ തസ്തികകൾ നിർത്തലാക്കാനും റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| | ജീവനക്കാരുടെ തസ്തിക കുറയ്ക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങളാണ് പ്രധാനമായും ഐ.ഐ.എം കോഴിക്കോട് നൽകിയിട്ടുള്ളത്.<br>• വിതരണ മേഖലയിൽ ബ്രേക്ക് ഡൗൺ, മെയിന്റനൻസ് വിഭാഗങ്ങൾ മേഖലാടിസ്ഥാനത്തിൽ കോൺട്രാക്ട് നൽകുകവഴി ലൈൻ സ്റ്റാഫിന്റെ എണ്ണം കുറച്ചുകൊണ്ടുവരിക.<br>• മീറ്റർ റീഡർമാരുടെ നിയമനം നിർത്തലാക്കുക. ഈ തസ്തികയിൽ നിലവിലെ 876 ഒഴിവുകൾ നികത്തരുത്. അതുപോലെ ഡ്രൈവർ, സ്വീപ്പർ എന്നീ തസ്തികയിലേയ്ക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്താനും ഐ.ഐ.എം റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.<br>• ട്രെയിനിംഗ് സെന്ററിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ രണ്ടിൽ നിന്നും ഒന്നാക്കി ചുരുക്കുക.<br>• ബില്ലിംഗ് പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (പി.ഡി.എ) സംവിധാനം ഉപയോഗിക്കുന്നതിലൂടെയും, വിവരസാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിലൂടെയും നിലവിലുള്ള 2550 സീനിയർ അസിസ്റ്റന്റുമാരുടെ എണ്ണം 1/3 ആയി ചുരുക്കുവാൻ കഴിയും. പി.ഡി.എ സംവിധാനം സാർവ്വത്രികമാക്കുക. തൊഴിൽ പരമായി യോഗ്യരായ സീനിയർ അസിസ്റ്റന്റുമാരെ മാനവ വിഭവ ശേഷി വിഭാഗത്തിലേയ്ക്ക് പുനർ വിന്യസിക്കുക. ഇവരെ സെക്ഷൻ ഓഫീസുകളിൽ സാങ്കേതിക ഇതര ജോലിയിലും ഹൈഡൽ ടൂറിസം മേഖലയിലും പുനർവിന്യസിക്കുക.<br>• കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഫെയർ കോപ്പി അസിസ്റ്റന്റ്, ഓഫീസ് അസിസ്റ്റന്റ് എന്നിവരുടെ ജോലികൾ സംയോജിപ്പിക്കുക. ആശ്രിത നിയമനം വഴി ഓഫീസ് അസിസ്റ്റന്റ്, ഫെയർ കോപ്പി അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ നൽകുന്ന നിയമനങ്ങൾ ഉടൻ നിർത്തലാക്കുക.<br>• കായിക രംഗത്ത് സജീവകാലം പൂർത്തിയാക്കിക്കഴിഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ മാത്രം സ്പോട്സ് ക്വാട്ടയിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുക.<br>• ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ കൺസ്യൂമേഴ്സിന് അനുസൃതമായി ജീവനക്കാരുടെ എണ്ണം നിജപ്പെടുത്തുക. |
| (സി) ട്രാൻസ്മിഷൻ ആന്റ് സിസ്റ്റം ഓപ്പറേറ്റിംഗ്, ജനറേഷൻ, കോർപ്പറേറ്റ് ഓഫീസ് എന്നിവിടങ്ങളിൽ | (സി) ഐ.ഐ.എം റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ, ബോർഡ് നിയോഗിച്ച ഉന്നതതല കമ്മിറ്റി വിശദമായി പരിശോധിക്കുകയും, നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും, പ്രസ്തുത വിഷയങ്ങളിൽ കൃത്യമായ |

<table>
<tr>
<td>ഓരോ വിഭാഗത്തിലും എത്ര തസ്തികകൾ കുറയ്ക്കുവാൻ കഴിയു-മെന്ന് പഠിക്കുന്നതിനായി പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശ-ദാംശം നൽകുമോ;</td>
<td>ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഉണ്ടായി. സബ് കമ്മിറ്റി സമർപ്പിച്ച കരട് റിപ്പോർട്ട് വിശദമായി പരിശോധിച്ച്, ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോർപ്പറേറ്റ് ഓഫീസ്, ഉത്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകൾക്കായി നാല് വിദഗ്ധ സമിതികളെ 2019-20 പ്രകാരം 27-04-2019 ലെ ഓഫീസ് ഓർഡർ നം.(CMD 759/2019/CE(C&P)/MPC നിയോഗിച്ചിട്ടുണ്ട്. അതിൽ കോർപ്പറേറ്റ് ഓഫീസ് ചീഫ് ഇന്റേണൽ ഓഡിറ്ററുടെയും , ഉത്പാദനം ഡ്രിപ്പ് ആന്റ് ഡാം സേഫ്റ്റി ചീഫ് എഞ്ചിനീയറുടെയും, പ്രസരണം ഷൊർണ്ണൂർ ട്രാൻസ്ഗ്രിഡ് ചീഫ് എഞ്ചിനീയറുടെയും വിതരണം കോഴിക്കോട് ഡിസ്ട്രിബ്യൂഷൻ നോർത്ത് ചീഫ് എഞ്ചിനീയറുടെയും നേതൃത്വത്തിൽ എട്ട് മുതൽ പതിനൊന്ന് വരെ അതാത് മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടാണ് മേൽ പറഞ്ഞ സമിതി രൂപീകരിച്ചിരിക്കുന്നത്. വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനു ശേഷം, ജീവനക്കാരുടെ സംഘടനകളുമായി ബോർഡ് തലത്തിൽ ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.</td>
</tr>
<tr>
<td>(ഡി) കെ.എസ്.ഇ.ബി.യിൽ നിലവിൽ ജീവനക്കാർ വിരമിക്കുന്ന ഒഴിവുകളിൽ പി.എസ്.സി. നിയമനം നടത്തുന്നുണ്ടോ; എങ്കിൽ 2017ലും 2018ലും ഇപ്രകാരം എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ?</td>
<td>(ഡി) ഉണ്ട്.<br>കെ.എസ്.ഇ.ബി.ലിമിറ്റഡിലെ വിവിധ തസ്തികകളിൽ പി.എസ്.സി വഴി 2017, 2018 വർഷങ്ങളിൽ നടത്തിയ നിയമന വിവരം ചുവടെ ചേർക്കുന്നു.<br>
<table>
<tr><th>തസ്തിക</th><th>2017</th><th>2018</th></tr>
<tr><td>അസിസ്റ്റന്റ് എഞ്ചിനീയർ</td><td>163</td><td>48</td></tr>
<tr><td>സബ് എഞ്ചിനീയർ</td><td>35</td><td>145</td></tr>
<tr><td>ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ</td><td>27</td><td>44</td></tr>
<tr><td>ഇലക്ട്രിസിറ്റി വർക്കർ</td><td>17</td><td>--</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ